**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 135** **29-01-2024 - ൽ മറുപടിയ്ക്ക്**

**ഹൈറിച്ച് ഓൺലൈൻ ഷോപ്പി എന്ന സ്ഥാപനത്തിന് എതിരെ സ്വീകരിച്ച നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | തൃശ്ശൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഹൈറിച്ച് ഓൺലൈൻ ഷോപ്പി എന്ന സ്ഥാപനത്തിനെതിരെ ബഡ്സ് ആക്ട് പ്രകാരം സ്വീകരിച്ച നടപടികളും അവരുടെ കണ്ട്കെട്ടിയ സ്വത്ത് വിവരങ്ങൾ സംബന്ധിച്ച വിശദാംശങ്ങളും വിവരിക്കാമോ; പ്രസ്തുത കമ്പനിയുടെ ഉടമ സമാന മാതൃകയിൽ തട്ടിപ്പ് നടത്തിയതിന് ജയിൽ വാസവും വിചാരണയും നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇദ്ദേഹത്തിനെതിരെ നിലവിൽ ഇത്തരത്തിലുള്ള എത്ര കേസുകൾ ഉണ്ട്; | (എ) | ഹൈറിച്ച് ഓൺലൈൻ ഷോപ്പി പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ സ്ഥാവര ജംഗമവസ്തുക്കൾ കണ്ടുകെട്ടുന്നതിനായി ബഡ്സ് കോംപീറ്റന്റ് അതോറിറ്റി ഉത്തരവ് നൽകിയിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം താത്കാലികമായി ബാങ്ക് അക്കൗണ്ടുകൾ ഉൾപ്പെടെയുള്ള സ്ഥാവര ജംഗമ വസ്തുക്കൾ കണ്ടുകെട്ടുന്നതിനുള്ള നടപടി തൃശ്ശൂർ ജില്ലാ കളക്ടർ സ്വീകരിക്കുകയും, ഉത്തരവ് സ്ഥിരപ്പെടുത്തുന്നതിനുള്ള അപേക്ഷ ഡെസിഗ്നേറ്റഡ് കോടതി മുൻപാകെ ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിനെതിരെ തൃശ്ശൂർ ജില്ലയിലെ വിവിധ പോലീസ് സ്റ്റേഷനുകളിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. |
| (ബി) | പ്രസ്തുത കമ്പനിയുടെ പ്രവർത്തനം സംസ്ഥാനത്തിന് പുറത്തും രാജ്യത്തിന് പുറത്തും വ്യാപിച്ച് കിടക്കുന്നതിനാലും റിസർവ് ബാങ്ക് അനുമതിയില്ലാതെ ബോണ്ടുകൾ സ്വീകരിച്ചതിനാലും ബഡ്സ് ആക്ട് നിയമം അനുശാസിക്കും പ്രകാരം സി.ബി.ഐ അന്വേഷണത്തിന് സർക്കാർ നടപടി സ്വീകരിക്കുമോ? | (ബി) | സി.ബി.ഐ അന്വേഷണത്തിനായി കൈമാറുന്ന കാര്യത്തിൽ നിലവിൽ തീരുമാനമെടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ